# ദൈവം ഏകനാണ്
# ത്രിയേകനല്ല!!!



# *God is one not three*


പ്രസിദ്ധീകരണം

ക്രിസ്റ്റാഡൽഫിയൻസ് കേരള പ്രീച്ചിംഗ് കമ്മറ്റി

(IPC, KERALA)

# ദൈവം ഏകനാണ്; ത്രിയേകനല്ല

# ദൈവം ഏകനാണ്; ത്രിയേകനല്ല

"എന്നാൽ, യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു. അല്ല, അത് ഇപ്പോഠംത്തന്നെയാണ്. യഥാർത്ഥത്തിൽ അങ്ങിനെയുള്ള ആരാധകരെത്തന്നെയാണ് പിതാവ് അന്വേഷിക്കുന്നതും. ദൈവം ആത്മാവാണ്. അവിടത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്" (യോഹ. 4:23,24 - KCBC ബൈബിളിൽ നിന്ന്). ഈ വേദവാക്യം നമുക്കൊരു വെല്ലുവിളിയാണ്. ആത്മാവിലും സത്യത്തിലും തന്നെ ആരാധിക്കുന്നവരിൽ മാത്രമാണ് ദൈവം പ്രസാദിക്കുക എന്നാണ് ഇവിടെ പ്രഖ്യാപിച്ചിരിക്കുന്നത്. യഥാർത്ഥ ആരാധകർ ദൈവത്തെപ്പറ്റിയുള്ള സത്യം അറിയണം; അവരുടെ ആദ്ധ്യാത്മികജീവിതത്തിൻെറ അടിസ്ഥാനം അതിൽനിന്നാണ് ആരംഭിക്കേണ്ടത്. ദൈവത്തിന് മാത്രമാണ് ആരാധന എന്ന് മിക്കവരും സമ്മതിക്കുന്ന ഒരു യാഥാർത്ഥ്യമാണ്. മാനുഷിക അധികാരികളും അതംഗീകരിക്കുന്നുണ്ട്. ഭൂമിയിൽ ഒരു രാഷ്ട്രീയനേതാവിനെ (രാജാവിനെ) അംഗീകരിക്കുന്നതിന് മുമ്പ് അയാളെക്കുറിച്ച് മനസ്സിലാക്കാൻ ശ്രമിക്കാറുണ്ട്. ദൈവത്തെ ഭൂമിയിലെ എല്ലാ അധികാരികളുടേയും കർത്താവായി അറിയുക എത്ര ആവശ്യം! ദൈവത്തോട് ബഹുമാനക്കുറവ് കാണിക്കാമോ? ഒരിക്കലും പാടില്ല. മുകളിലെ വേദവാക്യത്തിൽ ക്രിസ്തു വെളിപ്പെടുത്തിയത് യഥാർത്ഥ ആരാധകർ അവനെക്കുറിച്ച് ശരിയായ അറിവുള്ളവരായിരിക്കണം എന്നാണ്. അവനെക്കുറിച്ചറിയുവാനുള്ള ഒരു വലിയ ഉത്തരവാദിത്വം അവനെ അന്വേഷിക്കുന്ന എല്ലാവർക്കും ഉണ്ട്. 'ഉദ്ദേശം ശരിയായാൽ മതി, പഠിക്കേണ്ടത് ആവശ്യമില്ല' എന്നു പറയുന്നവർ ധാരാളം ഉണ്ട്. എന്നാൽ ക്രിസ്തു പറഞ്ഞിരിക്കുന്നത് യഥാർത്ഥ പ്രബോധനം നിത്യരക്ഷക്ക്

ആവശ്യമാണ് എന്നാണ്. ദൈവത്തെ ശരിയായി അറിയാത്തവർ എങ്ങിനെ അവിടത്തെ ശരിയായി ആരാധിക്കും? ഒരിക്കലും കഴിയില്ല. ഇതിന് പകരമായി ഒന്നും പറ്റില്ല. ദൈവം തന്നെപ്പറ്റിയും മനുഷ്യരെ ക്കുറിച്ചുള്ള തൻെറ പദ്ധതികളെപ്പറ്റിയും വേദപുസ്തകത്തിൽ വെളി പ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് നമ്മാം ആരാധിക്കുന്ന ദൈവത്തെപ്പറ്റി വചനം എന്തു പറയുന്നു എന്നറിയാനുള്ള കടമയും അവകാശവും നമുക്കുണ്ട്. അവയെ അവഗണിക്കുന്നത് നമ്മുടെ ആരാധന വ്യർത്ഥമാകാനും, ഉപയോഗശൂന്യമാകാനും ഇടയാക്കും.

## ദൈവത്തെക്കുറിച്ചുള്ള ശരിയായ അറിവ് നിത്യരക്ഷക്ക് ആവശ്യഘടകമാണ്

ദിവ്യസത്യങ്ങളുടെ ശരിയായ അറിവിലാണ് രക്ഷ ബന്ധപ്പെ ട്ടിരിക്കുന്നത് എന്ന് ക്രിസ്തു പല പ്രാവശ്യവും പല സാഹചര്യങ്ങ ളിലും വെളിപ്പെടുത്തിയിട്ടുണ്ട്. "വിശ്വസിച്ച് (ദൈവത്തിൽ) സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്ക പ്പെടും" (മാർക്കോ. 16:16). "സുവിശേഷത്തെപ്പറ്റി ഞാൻ ലജ്ജിക്കു ന്നില്ല; എന്തെന്നാൽ വിശ്വസിക്കുന്ന ഏവർക്കും ആദ്യം യഹൂദർക്കും, പിന്നീട് ഗ്രീക്കുകാർക്കും, അത് രക്ഷയിലേക്കു നയിക്കുന്ന ദൈവ ശക്തിയാണ്" (റോമ. 1:16). പിതാവിനോട് പ്രാർത്ഥിക്കുന്ന ഭാഗത്ത് യേശു പറഞ്ഞു: "ഏകസത്യദൈവമായ നിന്നേയും നീ അയച്ച യേശു ക്രിസ്തുവിനേയും അറിയുക എന്നതാണ് നിത്യജീവൻ" (യോഹ. 17:3). എത്രത്തോളം നമുക്ക് ദൈവത്തെ അറിയാം? വേദപുസ്തകത്തിൽ വെളിപ്പെട്ട ദൈവത്തെയാണോ നമ്മളറിയുന്നത്? ദൈവത്തെക്കുറിച്ചു രണ്ടു പരസ്പര വിരുദ്ധമായ പഠനങ്ങാം ക്രിസ്തീയസഭകളിൽ കാണുന്നുണ്ട്. മിക്ക സഭകളും പറയുന്നു, "അവൻ (ദൈവം) ഒരു ത്രിത്വ ജീവിയാണ്" എന്ന്. "പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന മൂന്നു വ്യക്തികാം, ഒന്നായ അറിവിലും, ശക്തിയിലും, ജീവിതത്തിലും, അനന്തമായി ഐക്യമുള്ളവരാണ് ദൈവം." ഇതിനെതിരെ ക്രിസ്തു വിൻ സഹോദരന്മാർ (ക്രിസ്റ്റാവെൽ ഫിയൻസ്) പറയുന്നു: വേദപു

സ്തകപ്രകാരം ദൈവം ഏകനാണ്, യേശുക്രിസ്തു അവൻെറ പുത്ര നാണ്, ആയിരത്തിതൊള്ളായിരം വർഷങ്ങൾക്കു മുമ്പ് മാത്രം ജനിച്ച വൻ, അതിന് മുൻപ് യാതൊരുവിധ അസ്ഥിത്വവും ഇല്ലാത്തവൻ; പരിശുദ്ധാത്മാവ് ദൈവത്തിൻെറ പ്രവർത്തിക്കുന്ന ശക്തിമാത്രമാണ്. ഇവ രണ്ടും ഒരേ സമയം ശരിയാകയില്ലല്ലോ. കർത്താവിൻെറ വ്യവ സ്ഥയനുസരിച്ച് തെറ്റിപ്പോയാൽ എത്ര ആത്മാർത്ഥത ഉണ്ടായാലും രക്ഷപ്രാപിക്കുകയില്ല. ഇത് വളരെ ഗൗരവമായി മനസ്സിലാക്കേണ്ട ഒരു പഠനമാണ്. ഇന്ന് പലരും ദൈവത്തെക്കുറിച്ചു പഠിക്കാനോ, ചർച്ച ചെയ്യാനോ താല്പര്യം കാണിക്കുന്നില്ല; പണ്ഡിതരായ ദൈവശാ സ്ത്രജ്ഞന്മാർ ചെയ്യേണ്ടതാണ് അത് എന്നാണ് അവരുടെ ധാരണ. ക്രിസ്തുവിൻെറ വചനങ്ങൾക്ക് നാം വില കല്പിക്കുന്നുവെങ്കിൽ, രക്ഷ വ്യവസ്ഥാപിതമാണ്; ദൈവത്തെ സത്യത്തിൽ ആരാധിക്കുന്ന വർക്കാണ് അത് നല്കപ്പെടുക. ഓരോരുത്തരും സ്വയം തീരുമാനി ക്കണം; നമ്മുടെ വ്യക്തിപരമായ രക്ഷക്കുവേണ്ടി ശ്രമിക്കേണ്ടതല്ലേ എന്ന്.

## 'ത്രിത്വം' എന്നത് വിരുദ്ധാത്മക പ്രയോഗമാണ്

മിക്ക ക്രിസ്തീയ സഭാവിഭാഗങ്ങളും 'ത്രിത്വ' വിശ്വാസിക ളാണ്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്നു ദൈവ ങ്ങൾ ഉണ്ട്, എന്നാൽ ഏകനാണ്. ഈ പഠനം വേദപുസ്തകത്തിൽ നിന്നല്ല; അത്തനേഷ്യസ് പ്രമാണത്തിൽനിന്നും രൂപപ്പെട്ടതാണ്. അലക്സാണ്ടറിയായിലെ മെത്രാനിയിരുന്ന അത്ത്നേഷ്യസ് 4-ാം നൂറ്റാണ്ടിൽ രൂപം കൊടുത്ത പഠനമാണിത്. താഴെ കാണുംവിധം അ ദ്ദേഹം ദൈവത്തെ നിർവചിക്കുന്നു: "പിതാവ് ദൈവമാകുന്നു; പുത്രൻ ദൈവമാകുന്നു; പരിശുദ്ധാത്മാവ് ദൈവമാകുന്നു; എന്നാൽ ഒരു ദൈവം വീണ്ടും ത്രിത്വം എന്നാൽ "ജീവിക്കുന്ന സത്യദൈവം ഒരുവൻ മാത്രം; അവൻ അനന്തനും, ശരീരമില്ലാത്തവനും, വികാരങ്ങളൊ ആശകളോ ഇല്ലാത്തവനുമാണ്, അവൻ അനന്തശക്തിയുള്ളവൻ, വിജ്ഞാനവും നന്മയും നിറഞ്ഞവൻ, കാണപ്പെടുന്നതും, കാണപ്പെടാ

ത്തതുമായ എല്ലാ വസ്തുക്കളേയും സൃഷ്ടിച്ച് പരിപാലിക്കുന്നവൻ. ഈ ദൈവത്തിൻെറ ഐക്യതയിൽ മൂന്നു വ്യക്തികൾ ഉണ്ട്. ഒരേ വസ്തു, ഒരേ ശക്തി, നിത്യത, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് തുല്യർ." ശ്രദ്ധയോടുകൂടിയ വിശകലനം ഈ പഠനം അവ്യക്തവും പരസ്പരവിരുദ്ധവുമാണെന്ന് മനസ്സിലാക്കാം. എങ്ങിനെ ഒരു ദൈവത്തിൽ തുല്യതയുള്ള മൂന്നു ആളുകൾ? പുത്രൻ എങ്ങിനെ പിതാവിനെപ്പോലെ അനന്തനാകുന്നു? ഇവ തികച്ചും അസംഭവ്യവും വൈരുദ്ധ്യാത്മികവുമായ പഠനമാണ്. സഭാശ്രേഷ്ഠന്മാർ പറയുമായിരിക്കും അത് രഹസ്യമാണ് എന്ന്. മനുഷ്യന് ഗ്രഹിക്കാൻ പ്രയാസമാണെന്ന്. പൌലോസ് പറയുന്നു; "ദൈവം കലക്കത്തിൻെറ ദൈവമല്ല" (1 കൊരി. 14:33).

അതുകൊണ്ട് 'ത്രിത്വ' പഠനം തെറ്റാണ്; വേദവിപരീതമാണ്. ദൈവം ത്രിയേകനല്ല, ഏകൻ മാത്രമാണെന്നാണ് ബൈബിൾ പറയുന്നത്.

## വേദപുസ്തകത്തിൽ വെളിപ്പെട്ട ദൈവം

ത്രിത്വപഠനം വേദവിപരീതമാണ്, വിരുദ്ധാത്മകമാണ്, അഗ്രാഹ്യമാണ് എന്നു കണ്ടു. വേദപുസ്തകത്തിൽ എന്താണ് പറയുന്നത്? അവിടെ ദൈവം ഏകനാണെന്ന് പഠിപ്പിക്കുന്നു. യേശുക്രിസ്തു ദൈവത്തിൻെറ പുത്രനും, പരിശുദ്ധാത്മാവ് ദൈവത്തിൻെറ പ്രവർത്തിക്കുന്ന ശക്തിവിശേഷവുമാണ്. ഇത് സത്യമാണ്, ഗ്രഹിക്കാവുന്നതാണ്, ക്രമത്തിലാണ്, എല്ലാറ്റിലും ഉപരി വേദപുസ്തകാനുസാരമാണ്.

1. **ഏകദൈവം** : ഏറ്റവും ഉന്നതൻ, സ്വയം ജീവിക്കുന്നവൻ, ഏക പിതാവ്, എത്തിപ്പെടാൻ പറ്റാത്ത വെളിച്ചത്തിൽ വസിക്കുന്നവൻ, തൻെറ ശക്തിയാൽ ആകാശവും ഭൂമിയും അതിലുള്ളതൊക്കെയും സൃഷ്ടിച്ചു (ആവർത്തനം 6:4, ഏശയ്യ 44:6-8, 45: 5, 46:9, മാർക്കോ. 12:29-32, 1 കൊരി. 8:4-6, സങ്കീ. 124:8, 146: 6, 1 തിമോ. 6:15-16).

2. **ദൈവത്തിൻെറ പുത്രൻ - യേശുക്രിസ്തു:** പരിശുദ്ധാത്മാവിൽ കന്യകാമറിയത്തിൽനിന്നും ജനിച്ചവൻ, പുരുഷൻെറ ഇടപ്പെടലില്ലാതെ ജനിച്ചവൻ, മാമ്മുദീസായിൽ പരിശുദ്ധാത്മാവിനാൽ അളവില്ലാതെ നിറഞ്ഞവൻ, അഭിഷിക്തൻ, പാപപരിഹാരബലിയായിതന്നെത്തന്നെ യാഗമായി അർപ്പിച്ചവൻ, മൂന്നാം ദിവസം ഉത്ഥാനം ചെയ്തവൻ, നിത്യത പ്രാപിച്ചു ദൈവത്തിൻെറ വലതുഭാഗത്തിരുന്ന് നമുക്ക് വേണ്ടി മദ്ധ്യസ്ഥത യാചിക്കുന്നവൻ, ദൈവരാജ്യം പ്രാപിച്ച് ഭരണം നടത്താനായി വരുവാനിരിക്കുന്നവൻ, എല്ലാവർക്കും കർത്താവായി ഉയർത്തപ്പെട്ടവൻ (ലൂക്ക. 1:26-33, അപ്പ. പ്ര. 2:22-24, 36, ഗലാ. 4:4, ഏശയ്യ 7:14, മത്തായി 3:16-17, യോഹ. 3:34, എബ്രാ. 2:14-16, റോമ. 1:3, എബ്രാ. 5:8-9, അപ്പ. പ്ര. 1:11, അപ്പ. പ്ര. 3:26).

3. **പരിശുദ്ധാരൂപി:** ഇതു ദൈവത്തിൻെറ ശക്തിയാണ്. ഇതുവഴിയാണ് ദൈവം ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ച് പരിപാലിക്കുന്നത്, വിശുദ്ധ മനുഷ്യർ ദൈവത്തിൻെറ വചനം എഴുതിയതും, ക്രിസ്തുവിലും അപ്പസ്തോലന്മാരിലും കൂടി അത്ഭുതങ്ങൾ പ്രവർത്തിച്ചതും എല്ലാം ഇതുവഴിയാണ് (ഉൽപ. 1:1-2, ജോബ് 26:13, 33:4, അപ്പ. പ്ര. 17:25-28, നെഹ. 9:36, യോഹ. 14:26, 15:26, 16:13, അപ്പ. പ്ര. 18:2 ഇവ മാർക്കോ, 16:17, 26, ലൂക്ക 24:49 ഉം ചേർത്ത് വായിക്കുക. ലൂക്ക. 1:35, അപ്പ. പ്ര. 5: 30-32, 2 പത്രോ. 1:19-20). വേദപുസ്തകത്തിൽ ഒരിടത്തുപോലും ദൈവം ത്രിത്വം എന്നു കാണുകയില്ല. യേശുക്രിസ്തു ദൈവത്തെപ്പോലെ അനന്തനാണ് എന്നു കാണുകയില്ല. നേരെമറിച്ചാണ് കാണുക.

'ത്രിത്വ' പഠനം ബൈബിളിൽനിന്നല്ല എന്ന് ദൈവശാസ്ത്രജ്ഞന്മാർ അംഗീകരിക്കുന്നുണ്ട്. സിറിയായിലെ അന്ത്യോക്യമെത്രാൻ തിയോഫിലസ്, തൻെറ "മാപ്പപേക്ഷ", എന്ന പുസ്തകത്തിലാണ് ആദ്യമായി ത്രിത്വം എന്ന വാക്ക് ഉപയോഗിച്ചത്. ഈ ബിഷപ്പിൻെറ

ത്രിത്വാശയം ഇന്നത്തെ പഠനത്തിൽനിന്നും വ്യത്യസ്തമാണ്. മൂന്നു പേർക്കും തുല്യപദവിയും ശക്തിയും കല്പിക്കുന്ന പഠനമല്ലിത്. യഥാർത്ഥ ദൈവം (പിതാവ്) മാത്രമാണ് ആരാധിയ്ക്കപ്പെടേണ്ടവൻ എന്ന് അവിടെ സൂചിപ്പിക്കുന്നുണ്ട്. നാലാം നൂറ്റാണ്ടുവരെ അപ്പസ്തോല പഠനമാണ് തുടർന്നുവന്നിരുന്നത്. ഏകദൈവവിശ്വാസമായിരുന്നു അന്നുവരെ അനുവർത്തിച്ചു പോന്നത്. പല വിരുദ്ധ പഠനങ്ങളും വാഗ്വാദങ്ങളും നടന്നശേഷമാണ് ത്രിത്വം എന്ന പുതിയ പഠനം സഭകളിൽ ഉണ്ടായത്.

പിന്നീട് അത് അടിസ്ഥാനവിശ്വാസപ്രമാണമായി പ്രഖ്യാപിച്ചു. "മതനേതാക്കന്മാർ ദൈവവചനത്തെ നിഷ്ഫലമാക്കിത്തീർക്കും" (മാർക്കോ. 7:13, 2 തിമോ. 4:3) എന്ന വേദവാക്യം അന്വർത്ഥമാക്കി. ചില ദൈവശാസ്ത്രജ്ഞന്മാർ 'ത്രിത്വം' എന്നത് വേദപുസ്തകത്തിലെ സത്യമല്ലെന്നും, അഗ്രാഹ്യമാണെന്നും സമ്മതിക്കുന്നുണ്ട്. എങ്ങിനെ ഏകദൈവം മൂന്നു ദൈവങ്ങളാകുന്നു? എങ്ങിനെ രൂപം ഇല്ലാതെ ദൈവത്തിൽ സത്തയുണ്ടാകുന്നു? പുത്രൻ എങ്ങിനെ പിതാവിനോട് സമനായിരിക്കുന്നു? എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമില്ല. വേദപുസ്തകത്തിൽനിന്നല്ലാത്തതിനാൽ അവിശ്വാസികളുടെ കെട്ടുകഥകളിൽനിന്നു രൂപം കൊണ്ടതായിരിക്കാം.

'ത്രിത്വ'ത്തെക്കുറിച്ചുള്ള കത്തോലിക്ക സഭയുടെ പഠനം പുതിയനിയമത്തിൽനിന്നും നേരിട്ട് സ്വീകരിച്ചതല്ല, പുതിയ നിയമത്തിലെ ആശയത്തോട് യോജിച്ചതും അല്ല. ഇത് ചില വ്യക്തിപരമായ വെളിപാടുവിശ്വാസത്തിൽനിന്നും രൂപംകൊണ്ടതാണ്. ഗ്രീക്ക് റോമൻ മെറ്റാഫിസിക്സ്സിലെ (ഭാവനാപരമായ തത്വശാസ്ത്രം) ഫോർമുലയിൽനിന്നും രൂപപ്പെട്ടതാണ് ഇത്.

കത്തോലിക്ക ദൈവശാസ്ത്രജ്ഞനായ ജെ. പിൽക്കിൻ പറയുന്നത്, "പഴയനിയമത്തിൽ ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. യഹൂദസിനഗോഗിൽ ഈ വാക്യം പലപ്പോഴും ആവർത്തിച്ചു പ്രഖ്യാപിക്കാറുണ്ട്. "അല്ലയോ ഇസ്രായേലേ കേൾക്ക, നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവാ

കുന്നു" (ആവർത്തനം 6:4). പൌലോസ് പറയുന്നപോലെ ആദിമ ക്രിസ്ത്യാനികളുടെ വിശ്വാസം ഇതായിരുന്നു. "നിങ്ങളിലെല്ലാവരിലും ആയിരിക്കുന്നവനും, എല്ലാവരിലും എല്ലാവർക്കും മീതെയുളളവനും, എല്ലാവരുടേയും പിതാവുമായ ഒരു ദൈവമേ നമുക്കുള്ളു" (എഫേ. 4:6).

പിന്നീട് ഇതിൽ ചിലത് ചേർത്ത് ശരിയാക്കേണ്ടിവന്നു. യേശുക്രിസ്തു എന്ന ദേവനേയും പരിശുദ്ധാത്മാവ് എന്ന ദേവനേയും ജനങ്ങൾ ആരാധിക്കാൻ തുടങ്ങി. അതിനാൽ അവ മൂന്നു ദൈവങ്ങ ളാണെന്ന് വിശ്വസിക്കുന്നതിനാൽ ദൈവത്തിൻെറ ഐക്യത്തെപ്പററി പറയാൻ ഒരു ഫോർമുല കണ്ടുപിടിച്ചു. അതാണ് 'ത്രിത്വം'. വളരെ കൊല്ലങ്ങളായി ചർച്ച ചെയ്ത ഈ പ്രശ്നം, അനേക വിശദീകരണ ങ്ങൾക്കുശേഷം ജനസമ്മതിയാർജ്ജിച്ച ഒരാശയമായി. ക്രിസ്തുവും പരിശുദ്ധാത്മാവും പിതാവിൽനിന്നും ഉണ്ടായ വ്യക്തികളാണെന്നും, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു വ്യക്തികൾ ചേർന്ന താണ് ദൈവം എന്ന് നിർവചിച്ചു. ത്രി + യൂണിറ്റി = ത്രിത്വം. പിതാ വിനോട് സമന്മാരാണ് പുത്രനും, പരിശുദ്ധാത്മാവും. ക്രിസ്തുവിൽ സഹോദരന്മാർ ഈ പഠനത്തെ അംഗീകരിക്കുന്നില്ല. ത്രിത്വപഠന ത്തെ സ്വീകരിക്കാത്തതിനാൽ മറ്റു സഭകളിൽനിന്നും വ്യത്യസ്ഥരാ ണിവർ.

ഈ ദൈവശാസ്ത്രജ്ഞൻെറ വിശദീകരണം പരിശോധി ച്ചാൽ മനസ്സിലാകും 'ത്രിത്വ'പഠനം വേദപുസ്തകത്തിൽനിന്നുള്ളതല്ല, ജനകീയ വിശ്വാസത്തിൽനിന്നും രൂപപ്പെട്ടതാണ് എന്ന്.

ക്രിസ്തുവിൽ സഹോദരന്മാർ വേദപുസ്തക പഠനത്തി നാണ് പ്രാധാന്യം നല്കിയിട്ടുള്ളത്. ക്രിസ്തുവും പൗലോസ് അപ്പ സ്തോലനും ഏകദൈവം എന്ന ആശയത്തെ കൂടുതൽ ഊന്നിപറ ഞ്ഞിട്ടുണ്ട്. യേശു പഠിപ്പിച്ചത്: "ഏകസത്യദൈവമായ നിന്നേയും നീ അയച്ച യേശുക്രിസ്തുവിനേയും അറിയുക എന്നതാണ് നിത്യജീ വൻ" (യോഹ. 17:3). പൗലോസ് പറയുകയാണ്, "അവർ പത്ഥ്യോപ ദേശം പൊറുക്കാതെ കർണ്ണരസമാകുമാറ് സ്വന്തമോഹങ്ങൾക്കൊ ത്തവണ്ണം ഉപദേഷ്ടാക്കളെയും പെരുക്കുകയും സത്യത്തിന് ചെവി

കൊടുക്കാതെ കെട്ടുകഥ കേശക്കാൻ തിരിയുകയും ചെയ്യുന്ന കാലം വരും" (2 തിമോ. 4:3). നിങ്ങശ വേദപുസ്തകം പരിശോധിച്ച് സത്യാവസ്ഥ അന്വേഷിച്ചറിയുക. ക്രിസ്തു പറഞ്ഞ വചനം ഓർക്കുക: "സത്യനമസ്കാരികശ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു..... തന്നെ ആരാധിക്കുന്നവർ ഇങ്ങിനെയുള്ളവർ ആയിരിക്കണം എന്നു പിതാവ് ആഗ്രഹിക്കുന്നു" (യോഹ. 4:23).

## യേശുക്രിസ്തു 'ത്രിത്വ'പഠനത്തെ നിഷേധിച്ചു

'എൻസൈസ്ക്ലോപീഡിയ ബ്രിട്ടാനിക്ക'യിൽ 'ത്രിത്വം' എന്ന പഠനം ഗ്രീക്ക്, റോമ മെററാഫിലിക്സ്സിൽനിന്നാണ് രൂപപ്പെട്ടത് എന്നു പറയുന്നു. അതായത് 'ത്രിത്വം' അവിശ്വാസികളിൽനിന്നും എടുത്തതാണ്. ഇത് ഗ്രീക്കുകാരുടെ, റോമക്കാരുടെ, ബാബിലോണിയരുടെ, ഈജിപ്തുകാരുടെ ഒക്കെ പുരാണങ്ങളിൽ കാണുന്ന ആശയമാണ്. എന്നാൽ വേദപുസ്തകത്തിൽ കാണുന്നില്ല. ഇതിനെതിരായി വേദപുസ്തകത്തിൽ ദൈവത്തിൻെറ വ്യക്തമായ പ്രഖ്യാപനം മാറ്റൊലി കൊള്ളുന്നുണ്ട്: "അല്ലയോ ഇസ്രായേലേ ശ്രവിക്കുക: നമ്മുടെ കർത്താവായ ദൈവം ഏകകർത്താവ്" (ആവർത്തനം 6:4).

പുറംജാതിക്കാർ അനേകം ദൈവങ്ങളിൽ വിശ്വസിച്ചിരുന്നു, എന്നാൽ ഇസ്രായേൽ ഏകദൈവത്തിൽ മാത്രമെ വിശ്വസിച്ചിരുന്നുള്ളു. അവിശ്വാസികളിൽനിന്നും വ്യത്യസ്തമായിരുന്നു എബ്രായരുടെ ജീവിതം. അതുപോലെ ക്രിസ്തുവിൽ സഹോദരന്മാരുടെ വിശ്വാസം ത്രിത്വപഠനക്കാരുടെ വിശ്വാസത്തെ വെല്ലുവിളിക്കുന്നു. വിത്സൻ എന്ന ഒരു എഴുത്തുകാരൻ പറയുന്നപോലെ ദൈവത്തിന് തൻെറ പ്രസ്താവനകശ തെറ്റിപ്പോയി; നാലാം നൂറ്റാണ്ടിലെ ദൈവശാസ്ത്രജ്ഞന്മാർക്ക്, മോശെയും പൌലോസും, യേശുക്രിസ്തുവും ദൈവത്തെ അറിയുന്നതിനെക്കാശ കൂടുതലായി അറിയാം എന്ന് കാണിക്കുന്നു; ഇതു ത്രിത്വപഠനം വഴിയായി.

യേശുക്രിസ്തു ഏകദൈവത്തിൽ തനിക്കുള്ള വിശ്വാസം ഏറ്റുപറഞ്ഞിട്ടുണ്ട്. ഏതു കല്പനയാണ് ഏറ്റവും വലുത് എന്നു ചോദിച്ചപ്പോൾ യേശു മറുപടി പറഞ്ഞു: "ഇസ്രായേലേ കേൾക്കുക; നമ്മുടെ ദൈവമായ കർത്താവാണ് ഏകകർത്താവ്. നിൻെറ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും, പൂർണാത്മാവോടും പൂർണമനസ്സോടും പൂർണശക്തിയോടും കൂടി സ്നേഹിക്കുക" (മാർക്കോ 12:29). ഒരു യഹൂദനായ നിയമജ്ഞൻ, ദൈവത്തിൻെറ ഏകത്വത്തിൽ വിശ്വസിക്കുന്നവൻ, പുറംജാതികളുടെ ത്രിത്വവിശ്വാസം ഉപേക്ഷിച്ച്, യേശുവിൻെറ വിശ്വാസപ്രഖ്യാപനം കേട്ട് പറഞ്ഞത്, "യജമാനനെ നല്ലത്, അങ്ങു പറഞ്ഞത് സത്യം, ദൈവം ഏകൻ മാത്രം, അവനല്ലാതെ മറ്റൊരുവനുമില്ല, മുഴുവൻ ഹൃദയത്തോടെ അവനെ സ്നേഹിക്കുക........ യാഗത്തെക്കാളും ബലിയെക്കാളും വലുത്" (മാർക്കോ. 12:32-33). ഈ ഉത്തരം യേശുവിനെ തൃപ്തിപ്പെടുത്തി. യഹൂദൻ ഏകദൈവത്തിലുള്ള തൻെറ വിശ്വാസം പ്രഖ്യാപിച്ചു. "നിയമത്തെക്കാൾ ദൈവാരാധന സ്നേഹത്തോടെ വേണമെന്ന്." കർത്താവു കണ്ടുമുട്ടിയ പലരിൽ നിന്നും വ്യത്യസ്ഥനായിരുന്നു, അയാൾ. "നീ ദൈവരാജ്യത്തിൽ നിന്നും അകലെയല്ല" (12:34). ദൈവരാജ്യം തീർച്ചയാക്കാൻ ഇതിൽ പരം എന്താണാവശ്യം. വളരെ വ്യക്തമായ മറുപടി ക്രിസ്തു പറഞ്ഞതിൻെറ തെളിവ് അവൻെറ പ്രാർത്ഥനയിലും നമ്മൾ കണ്ടു (യോഹ. 17:3). യഹൂദനിയമജ്ഞൻ സത്യദൈവം ഒരുവനേ ഉള്ളു എന്ന് ബോദ്ധ്യമായി. ക്രിസ്തുവിലുള്ള വിശ്വാസവും സ്നാനവും വഴി പാപമോചനവും രക്ഷയും ലഭിക്കും എന്ന് അയാൾക്ക് ബോധ്യമായി (അപ്പ. പ്ര. 23:8).

നിർഭാഗ്യവശാൽ, ക്രിസ്തീയസഭകൾ ത്രിത്വപഠനപ്രകാരം, ദൈവം ഏകനാണ് എന്ന വെളിപ്പാട് നിരസിക്കുന്നു. അങ്ങിനെയുള്ളവർ ദൈവരാജ്യത്തിൽനിന്നും അകലെയാണെന്ന സത്യം മറക്കുന്നു. മാർക്കോസ് 12:29, 34 വാക്യങ്ങളിൽ യേശുക്രിസ്തു യഹൂദനിയമജ്ഞനുമായി പറഞ്ഞ കാര്യങ്ങൾ ഒരിക്കൽ കൂടി 'വായിക്കുക. നിങ്ങളോടു തന്നെ ചോദിക്കുക. അയാൾ യേശുവിനെ കണ്ടത് ത്രിത്വ

ത്തിലെ രണ്ടാമത്തെ ആളായിട്ടാണോ? ഒരിക്കലും അല്ല. അതുകൊണ്ട് അവൻെറ വിശ്വാസപ്രഖ്യാപനം യേശു അംഗീകരിച്ചു. 'ദൈവരാജ്യ ത്തിൽനിന്നും നീ അകലെയല്ല എന്നാണ്' യേശു പറഞ്ഞത്. എത്ര ദയനീയമാണ് ദൈവശാസ്ത്രജ്ഞന്മാരുടെ അവസ്ഥ!! അവർ ദൈവ നാമത്തെക്കൊണ്ട് രഹസ്യങ്ങൾ ഉണ്ടാക്കുന്നു. വളരെ ലളിതവും പൂർ ണവുമായവയെ സങ്കീർണമാക്കുന്നു. ദൈവം ത്രിത്വമാണെന്ന് പഠിപ്പി ക്കുന്നത് വേദവിപരീതമാണ്, തെറ്റാണ് എന്ന് നിങ്ങൾക്കു ബോധ്യം വന്നു എന്നു കരുതുന്നു. അപ്പസ്തോലപഠനങ്ങളിൽനിന്നും സാധാ രണക്കാരെ അകറ്റുന്നത്, ആത്മാർത്ഥരേയും സത്യസന്ധരേയും വഴി തെറ്റിക്കുന്നത് എത്ര പരിതാപകരം. പൌലോസ് പറയുന്നു, "പിൽ ക്കാലങ്ങളിൽ മനുഷ്യൻ വിശ്വാസത്തിൽനിന്നും അകന്നുപോകും എന്ന് ആത്മാവ് വ്യക്തമായി പറയുന്നു" (1 തിമോ. 4:1).

## ദൈവത്തെക്കുറിച്ചുള്ള അപ്പസ്തോലന്മാരുടെ പഠനം

ദൈവനാമത്തെക്കുറിച്ച് അപ്പസ്തോലന്മാരുടെ പഠനത്തി ൻെറ അടിസ്ഥാനം, മോശെവഴി ദൈവം പ്രഖ്യാപിച്ചത് യേശുവിൻെറ പഠനത്തിൽ അംഗീകരിച്ചതാണ്. അപ്പസ്തോലന്മാരുടെ ചില പ്രഖ്യാ പനങ്ങൾ അത് വെളിപ്പെടുത്തുന്നുണ്ട്. "പിതാവായ ഏകദൈവമേ നമുക്കുള്ളൂ; അവൻ സകലത്തിനും കാരണഭൂതനും, അവനായി ജീവി ക്കേണ്ടതും ആകുന്നു. യേശുക്രിസ്തു എന്ന ഏകകർത്താവും നമു ക്കുണ്ട്.... എന്നാൽ എല്ലാവരിലും ഈ അറിവില്ല" (1 കൊരി. 8:6-7). "ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരു വൻ; എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ" (1 തിമോ. 2:5). "എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവ രിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ" (എഫേ. 4:6). ".......... ദൈവം അവനെക്കൊണ്ട് നിങ്ങ ളുടെ നടുവിൽ ചെയ്യിച്ച ശക്തികളും അത്ഭുതങ്ങളും അടയാളങ്ങളും

കൊണ്ട് ദൈവം നിങ്ങാംക്ക് കാണിച്ചുതന്ന മനുഷ്യനായ നസ്രായൻ യേശുവിനെ നിങ്ങാം കൊന്നു" (അപ്പ. പ്ര. 2:22).

"നസ്രായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും, ദൈവം അവനോടുകൂടെ ഇരുന്നതുകൊണ്ട്, അവൻ നന്മചെയ്തും പീഡിതരെ സൗഖ്യമാക്കികൊണ്ടു സഞ്ചരിച്ചതുമായ വിവരം നിങ്ങാംക്കറിയാമല്ലോ" (അപ്പ. പ്ര. 10:38). ഈ പ്രഖ്യാപനങ്ങളെല്ലാം ദൈവം മോശെയ്ക്ക് തന്നെത്തന്നെ വെളിപ്പെടുത്തിയതുമായി ബന്ധപ്പെട്ടു പോകുന്നു. അതായത്, ദൈവം ഏക പിതാവ്, യേശുക്രിസ്തു ദൈവപുത്രൻ, പരിശുദ്ധാത്മശക്തിയാൽ കന്യകാമേരിയിൽനിന്നു ജനിച്ചവൻ; ഇവയൊന്നും ത്രിത്വം ദൈവമാണെന്നു പഠിപ്പിക്കുന്നില്ല, മറിച്ചാണ് പഠിപ്പിക്കുക.

ദൈവം 'സത്യനമസ്കാരികളെ' അന്വേഷിക്കുന്നു എന്നു മനസ്സിലാക്കി (യോഹ. 4:23). അവൻെറ പഠനങ്ങളെ (വചനങ്ങളെ) നമുക്ക് ബഹുമാനിക്കാം; അവൻെറ വ്യക്തിത്വത്തെ സ്നേഹിച്ചുകൊണ്ട് ഈ പ്രധാന പഠനത്തിൻെറ സത്യം അന്വേഷിക്കാം; അവൻെറ നാമത്തിന് യോജിച്ച ബഹുമാനവും ആദരവും പ്രകടമാക്കാം.

## പുത്രൻ ദിവ്യനാണ്, പക്ഷേ പിതാവിനൊപ്പം അനന്തനല്ല

ചിലർ പറയുമായിരിക്കും ക്രിസ്തുവിൽ സഹോദരന്മാർ യേശുവിൻെറ ദിവ്യത്വം അംഗീകരിക്കുന്നില്ല എന്ന്; ഇത് തെറ്റാണ്. ത്രിത്വപഠനം വേദവിപരീതമാകയാൽ ക്രിസ്തുവിൽ സഹോദരന്മാർ നിഷേധിക്കുന്നു. എന്നാൽ ക്രിസ്തു വെറും ഒരു മനുഷ്യൻ മാത്രമാണ് എന്നു പഠിപ്പിക്കുന്നില്ല; ഭൂമിയിലെ ഒരു പിതാവിൻെറ മകനാണെന്നും പഠിപ്പിക്കുന്നില്ല. യേശു ഒരു മനുഷ്യനെക്കാാം ഉന്നതനാണ്; അത്ഭുതകരമായ സ്വഭാവവിശേഷവും, പാപമില്ലാത്ത അവസ്ഥയും, യേശു വ്യക്തമാക്കിയിട്ടുണ്ട്. ദൈവത്തിൻെറ ഏകജാതൻ, ദൈവാത്മാവിനാൽ നിറയപ്പെട്ടവൻ (യോഹ. 3:14) ഇതൊക്കെയാണ് യേശു

വിൻെറ വിശേഷണങ്ങൾ. ദൈവം ക്രിസ്തുവഴി ലോകത്തെ തന്നോട് രമ്യപ്പെടുത്തി (2 കൊരി. 5:19). "ദൈവത്താൽ അയയ്ക്കപ്പെട്ടവനാണ് യേശുക്രിസ്തു" (യോഹ. 8:42, 7:29). യേശു പ്രകൃതിയിൽ എല്ലാ മനുഷ്യരെപ്പോലെയായിരുന്നു; അവൻെറ സഹോദരങ്ങളെപ്പോലെ എല്ലാത്തിലും പരീക്ഷിക്കപ്പെട്ടു; എന്നാൽ ജനനത്തിലും സ്വഭാവത്തിലും അവൻ വ്യത്യസ്ഥനായിരുന്നു (എബ്രാ. 4:14-16). ഇക്കാര്യത്തിൽ അവൻ മുൻപും പിൻപുമുള്ള മനുഷ്യരിൽനിന്നും വ്യത്യസ്ഥനാണ്. യേശുവിനെ ഒരു സ്ത്രീയിൽനിന്നും സൃഷ്ടിച്ചു, നിയമത്തിന് അധീനനാക്കി (ഗലാ 4:4), പ്രകൃതിയിൽ അവൻ തൻെറ സഹോദരങ്ങൾക്ക് തുല്യനായിരുന്നു" (എബ്രാ. 2:17). എന്നാൽ മനുഷ്യൻെറ ഇച്ഛയിൽനിന്നല്ല ദൈവത്തിൽനിന്നത്രെ അവൻ ഉണ്ടായത് (യോഹ. 1:13). പരിശുദ്ധാത്മാവ് കന്യകാമറിയത്തിൻെറ മേൽ വന്നു, ഈ അത്ഭുതകരമായ വഴിയിൽ കൂടി ദൈവപുത്രൻ ജനിച്ചു (ലൂക്ക. 1:35). ജനനശേഷം അളവില്ലാത്ത ദൈവശക്തിയാൽ അവൻ അഭിഷിക്തനായി (യോഹ. 3:14). "അവൻെറ വളർച്ചയിൽ ദൈവം അവനെ സംരക്ഷിച്ചുപോന്നു. ദിവ്യസഹായം അഭ്യർത്ഥിക്കുന്നവനെ രക്ഷിപ്പാൻ അവനെ പ്രാപ്തനാക്കാനായിരുന്നു ദൈവം ഇതെല്ലാം ചെയ്തത്. അവരെല്ലാവരേയും ക്രിസ്തു നിത്യജീവൻെറ വഴിയിലൂടെ നയിക്കാനാണ് ഇത്. അവൻ ദൈവത്താൽ ശക്തിപ്രാപിച്ചതുപോലെ എല്ലാ വിശ്വാസികൾക്കും ശക്തി പ്രാപിക്കാനാകും" (ഫിലി. 4:13). "അവൻ ക്രൂശിക്കപ്പെട്ടതുപോലെ അവരും ക്രൂശിക്കപ്പെടും; ദൈവത്തെ സത്യത്തിൽ ആരാധിക്കാൻ ജഡിക മാർഗങ്ങളെ ഉപേക്ഷിക്കണമെന്ന് അവൻ നമുക്ക് മാതൃക നല്കുന്നു (ഗലാ. 5:24).

പൂർണമായ അർത്ഥത്തിൽ അവൻ ദൈവമല്ല എന്നാണ് യേശുവിൻെറ നിരന്തരമായ വാക്കുകൾ സൂചിപ്പിക്കുക. "എൻെറ ഹിതം പോലെയല്ല, അവിടുത്തെ ഹിതംപോലെ ആകട്ടെ" എന്നു പറഞ്ഞു യേശു പ്രാർത്ഥിച്ചു (മത്താ. 26:39). "എൻെറ പ്രബോധനം എൻെറ സ്വന്തമല്ല, എന്നെ അയച്ചവൻേറതത്രെ" (യോഹ. 7:16) എന്നാണ് യഹൂദന്മാരോട് യേശു പറഞ്ഞത്. അവൻ ദൈവത്തോട് സമനാണെ

ങ്കിൽ ഇങ്ങിനെ സംസാരിക്കുമായിരുന്നോ? ഇല്ല. മറിച്ച് അവൻ പഠിപ്പിച്ചത്, "പിതാവ് എന്നെക്കാൾ വലിയവനാണ്" (യോഹ. 14:28). ".......എന്റെ ഇഷ്ടം പ്രവർത്തിക്കാനല്ല; എന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റാനാണ് ഞാൻ വന്നത്" (യോഹ. 6:38). യേശുക്രിസ്തു തന്നെത്തന്നെ ദൈവത്തിന്റെ ഇഷ്ടത്തിനും, പദ്ധതിയ്ക്കും പൂർണമായി നല്കി ദൈവത്തെ തന്നിൽകൂടി വെളിപ്പെടുത്തി എന്നതു ശരിയാണ്. അതിനാൽ അവന് പറയാം 'ഞാനും പിതാവും ഒന്നാണ്' (യോഹ. 10: 30). എന്നാൽ ഈ വാക്കുകൾ തെററിദ്ധരിക്കപ്പെടുന്നപോലെ ദൈവത്തോടുള്ള സമത്വം അല്ല, മാനസികമായ ഐക്യമാണ് പ്രകടിപ്പിക്കുന്നത്. ശിഷ്യരെപ്പറ്റി പറയുന്നത് കേൾക്കുക, "അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി, പിതാവേ അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നത് പോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും....." (യോഹ. 17:21). മുൻപ് പറഞ്ഞ വചനം പിതാവും പുത്രനും സമനാകും എന്ന അർത്ഥമാണെങ്കിൽ, വിശ്വാസികളും ദൈവത്തോട് സമന്മാരാകും എന്നർത്ഥം വരുന്നതാണ്.

യഥാർത്ഥത്തിൽ വേദപുസ്തകം ദൈവത്തെ ത്രിത്വമായി ചിത്രീകരിക്കുന്നില്ല. ദൈവം രക്ഷിക്കപ്പെട്ട അനേകരിൽ കൂടി വെളിപ്പെടുന്നുണ്ട്. അവരിൽ മുഖ്യനാണ് യേശുക്രിസ്തു. പൌലോസ് റോമക്കാർക്കെഴുതിയ ലേഖനത്തിൽ പറയുന്ന 'നമ്മൾ ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്റെ കൂട്ടവകാശികളും' ആണെന്ന്, (റോമ. 8:17). "ആർക്കുവേണ്ടിയും ആരുമൂലവും എല്ലാം നിലനില്ക്കുന്നുവോ, ആര് അനേകം പുത്രന്മാരെ മഹത്വത്തിലേക്ക് നയിക്കുന്നുവോ ആ രക്ഷയുടെ കർത്താവിനെ (യേശുക്രിസ്തുവിനെ) അവിടുന്ന് (ദൈവം) സഹനം വഴി പരിപൂർണനാക്കുക തികച്ചും ഉചിതമായിരുന്നു. വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരും ഉത്ഭവിക്കുന്നത് ഒരുവനിൽനിന്നുത്തന്നെ. അതിനാൽ അവരെ സഹോദരർ എന്നു വിളിക്കാൻ അവൻ (യേശുക്രിസ്തു) ലജ്ജിച്ചില്ല" (എബ്രാ. 2:10-11).

അതുകൊണ്ട് യേശുക്രിസ്തു രക്ഷിക്കപ്പെട്ടവരെ സഹോദരങ്ങാം എന്നു വിളിക്കുന്നു. കാരണം അവൻ അവനെപ്പോലെ പിതാവിനായി മഹത്വീകരിക്കപ്പെട്ടു എന്ന വാഗ്ദാനം സ്വീകരിച്ചവരാണ്. അവൻ പൂർണ്ണ അർത്ഥത്തിൽ ദൈവമായിരുന്നുവെങ്കിൽ രക്ഷിക്കപ്പെട്ടവരെക്കുറിച്ചു ഇങ്ങിനെ സംസാരിക്കാൻ കഴിയും? അവരും ദൈവനാമത്തിൻെറ ഒരു ഭാഗമായിത്തീരുകയില്ലേ!"

## യേശുക്രിസ്തു - ഒരു മനുഷ്യൻ

വേദപുസ്തകം യേശുവിനെ ദൈവനാമത്തിലെ രണ്ടാമത്തെ ആളായിട്ടല്ല, ഒരു ആദർശമനുഷ്യ (പൂർണമനുഷ്യൻ) നായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. "മനുഷ്യനായ യേശുക്രിസ്തു" (അപ്പോ. പ്ര. 2:22, 1 തിമോ. 2:5, റോമ 5:15) എന്നാണ് ബൈബിാം ചൂണ്ടിക്കാണിക്കുന്നത്. 'മോശയെപ്പോലെ ഒരു പ്രവാചകൻ' (ആവർത്തനം 18:15, അപ്പ. പ്ര. 3:22, മത്തായി 21:11). സ്ത്രീയിൽനിന്നും സൃഷ്ടിച്ചു (ഗലാ. 4:4), നമ്മുടെ രോഗങ്ങാം കണ്ട് അവൻെറ മനസ്സലിഞ്ഞു, പാപം ചെയ്തില്ലെങ്കിലും എല്ലാത്തിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടു (എഫേ. 4:15). സഹനത്തിൽ കൂടി അനുസരണ പഠിച്ചു (എബ്രാ. 5:8). മരണത്തിൽനിന്ന് തന്നെ രക്ഷിക്കാൻ കഴിവുള്ളവനോട് അവൻ കണ്ണീരോടെ പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്തു; ഭയഭക്തി നിമിത്തം അവന് ഉത്തരം ലഭിച്ചു (എബ്രാ. 5:7). പൂർണമായ അർത്ഥത്തിൽ ദൈവമായ ഒരുവനോട് ഈ കാര്യങ്ങാം യോജിക്കുമോ? അത് അസാധ്യമാണ്. ദൈവം തിന്മയാൽ പരീക്ഷിക്കപ്പെടുന്നില്ല (യാക്കോബ് 1: 13); എന്നാൽ യേശുവിന് പ്രലോഭനങ്ങളുണ്ടായി. വേദപുസ്തകം പറയുന്നു ദൈവം മരിക്കുകയില്ല എന്ന് (1 തിമോ. 6:16); എന്നാൽ യേശുക്രിസ്തു മരിച്ചു. വേദപുസ്തകം പറയുന്നു, യേശുക്രിസ്തു പ്രാർത്ഥനകളും യാചനകളും ദൈവത്തിന് അർപ്പിച്ചു എന്ന്, അവൻ തന്നോടുതന്നെയാണോ പ്രാർത്ഥിച്ചത്? യേശു ദൈവത്തോടുള്ള സമത്വം നിഷേധിച്ചു. ദൈവരാജ്യം എന്നാണ് വരിക എന്ന് ശിഷ്യന്മാർ ചോദിച്ചപ്പോാം, "ആ ദിവസത്തെക്കുറിച്ചോ മണിക്കൂറിനെക്കു

റിച്ചോ പിതാവിനല്ലാതെ മറ്റാർക്കും, സ്വർഗത്തിലുള്ള ദൂതൻമാർക്കോ, പുത്രന് പോലുമോ അറിഞ്ഞുകൂടാ" (മാർക്കോ. 13:32).

ഈ പ്രഖ്യാപനത്തിൽ യേശുക്രിസ്തു ഏറ്റുപറയുന്നതു അറിവിലും അവൻ പരിമിതനാണെന്നാണ്. അവൻ ദൈവമായിരുന്നു വെങ്കിൽ ഇങ്ങിനെ പറയുമായിരുന്നോ? ചിലർ, അവൻെറ മനുഷ്യ സ്വഭാവത്തിൻെറ ഭാഗത്തുനിന്നാണ് ഇങ്ങിനെ പറയുന്നത് എന്ന് വാദിക്കാം. പക്ഷെ, വേദപുസ്തകപരമായി അതിന് തെളിവുകളില്ല; അങ്ങിനെ ആയിരുന്നുവെങ്കിൽ അവൻ സ്വർഗത്തിലേക്ക് എടുക്കപ്പെട്ട പ്പോഠം ഈ അറിവുകഠം ഉണ്ടാകേണ്ടതായിരുന്നു. എന്നാൽ വെളി പാട് 1:1ൽ നമ്മഠം വായിക്കുന്നു, "ആസന്ന ഭാവിയിൽ സംഭവിക്കാനി രിക്കുന്നവയെ തൻെറ ദാസന്മാർക്ക് വെളിപ്പെടുത്തുന്നതിനുവേണ്ടി ദൈവം യേശുക്രിസ്തുവിന് നല്കിയ വെളിപാട്, അവൻ തൻെറ ദൂതനെ അയച്ച് ദാസനായ യോഹന്നാന് ഇത് വെളിപ്പെടുത്തി." ഇവിടെ ദൈവം യേശുവിന് വീണ്ടും നല്കിയ അറിവാണ്. വരാനിരി ക്കുന്ന കാര്യങ്ങഠം യേശുവിന് അറിയാമായിരുന്നുവെങ്കിൽ വീണ്ടും വെളിപ്പെടുത്തി കൊടുക്കുകയില്ലല്ലോ. ദൈവത്തിന് സമമായ അറിവ് യേശുവിന് ലഭിച്ചില്ല എന്ന് വ്യക്തമാണ്. അവൻ ദൈവത്തിന് വിധേയ നാണ്. ക്രിസ്തുതന്നെ അപ്പസ്തോലൻമാരെ പഠിപ്പിച്ചത്, "പിതാവ് സ്വന്തം അധികാരത്താൽ നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള സമയമോ കാലമോ നിങ്ങഠം അറിയേണ്ട" (അപ്പ. പ്ര. 1:7) എന്നാണ്.

ബൈബിളിൽ യേശുവിനെക്കുറിച്ച് പറഞ്ഞിരിക്കുന്ന കാര്യ ങ്ങഠം അവൻ ദൈവമായിരുന്നുവെങ്കിൽ യോജിക്കുന്നതല്ല. അത് അവ നെപ്പററി വിവരിക്കുന്നത്, അവൻ ക്ഷീണിച്ചു (യോഹ. 4:6), അവൻ കരഞ്ഞു (യോഹ. 11:35), ശക്തിക്കുവേണ്ടി പ്രാർത്ഥിച്ചു (എബ്രാ. 5:7), മരണത്തിന് വിധേയമായ മനുഷ്യർക്ക് എല്ലാവർക്കും ഉള്ള പ്രതീതി (എബ്രാ. 2:14), രക്ഷ ആവശ്യമായ വ്യക്തി (എബ്രാ. 9:12, 13:20), പാപ ത്തിനെതിരെ പൊരുതുന്നവൻ (എബ്രാ. 12:9), ജഢികാഭിലാഷങ്ങളെ ജയിച്ചവൻ (യോഹ. 6:63). വീണ്ടും വേദപുസ്തകം പറയുന്നു, ദൈവം യേശുവിലായിരുന്നു (2 കൊറി. 5:19), അവനെ ശക്തിപ്പെടുത്തി

(സങ്കീ. 80:17; ഏശയ്യ. 11:2-3), ലോകം ദൈവവുമായി അനുരഞ്ജന പ്പെടാൻ (2 കൊറി. 5:21) ദൈവത്തിൻെറ സ്നേഹവും കരുണയും മനുഷ്യനിലേക്ക് പകരാനുള്ള ഉപകരണം, പാപത്തിൻെറ അടിമത്ത ത്തിലായ മനുഷ്യകുലത്തിന് രക്ഷയ്ക്കുള്ള വഴി, ദൈവത്തിൽ ആശ്ര യിക്കുന്നവരിൽ സ്നേഹം പകരാൻ ഒരു മാദ്ധ്യമം (യോഹ. 3:14) എന്നൊക്കെയാണ് വേദപുസ്തകം പറയുന്നത്. അവൻെറ പൂർണ മായ അനുസരണവും, ജഡത്തെ ജയിക്കുന്നതിൽ പൂർണവിജയവും കൈവരിച്ചതിനാൽ. അവനെ മരിച്ചവരിൽനിന്നു ഉയിർപ്പിച്ച് നിത്യ ജീവൻ നല്കി (അപ്പൊ. പ്ര. 2:24). ദൈവം അവനെ നിയമിച്ചപ്രകാരം പാപപരിഹാരം വഴി രക്ഷ സ്വീകരിച്ചതിനാൽ അവൻ ദൈവത്തിലേക്ക് അടുക്കുന്നവരുടെ നിത്യരക്ഷയുടെ ഉടമസ്ഥനായിത്തീർന്നു (റോമ. 4:25, ഗലാ. 3:26-39).

യേശുക്രിസ്തു 'ത്രിത്വ'ത്തിലെ രണ്ടാമത്തെ ആളായിരുന്നു വെങ്കിൽ കാൽവരിയിൽ മരിക്കുന്ന സമയത്ത് "എൻെറ ദൈവമെ, എൻെറ ദൈവമെ എന്നെ കൈവിട്ടത് എന്ത്" എന്ന ഒറ്റപ്പെട്ട കരച്ചിൽ തൻെറ അധരങ്ങളിൽനിന്നു വന്നതിൻെറ കാരണം എന്താണ്?" (മാർ ക്കോ. 15:34). യേശുക്രിസ്തു ദൈവനാമത്തിലെ (ത്രിത്വ) രണ്ടാ മത്തെ ആളായിരുന്നുവെങ്കിൽ രാജ്യവും യേശുത്തന്നേയും ദൈവ ത്തിന് കീഴ്പ്പെട്ടിരിക്കും എന്ന് പൗലോസ് 1 കൊറിന്ത്യർ 15:28-ൽ പറഞ്ഞിരിക്കുന്നത് എങ്ങിനെ മനസ്സിലാക്കണം? ആയിരം വർഷത്തെ വാഴ്ചയ്ക്കുശേഷം പുത്രൻെറ വിജയം പൂർണമായി കഴിയുമ്പോൾ, പിതാവിന് രാജ്യം സമർപ്പിക്കുകയും തന്നെത്തന്നെ വിധേയനാക്കു കയും ചെയ്യും. ഈ ക്രിസ്തീയ സഭാവിഭാഗങ്ങളുടെ പഠനത്തിൽ നിന്നും തികച്ചും വ്യത്യസ്ഥമാണ്, പക്ഷെ വേദപുസ്തകം സത്യമാണ്.

## യേശു ദൈവം എന്നപോലെ

ചില സ്ഥലത്ത് യേശുവിന് ദൈവം എന്ന സംബോധന നൽ കിയിരിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ഉദാഹരണം, തോമസ് അപ്പസ്തോലൻ ഉത്ഥാനം ചെയ്ത യേശുവിൽ ഉള്ള വിശ്വാസം ഏറ്റു

പറഞ്ഞപ്പോഠം ആശ്ചര്യത്തോടെ പറഞ്ഞു, "എന്റെ കർത്താവേ! എന്റെ ദൈവമേ! (യോഹ. 20:28). അവൻ എന്താണ് അർത്ഥമാക്കിയത്. മുമ്പ് പിതാവിനെക്കുറിച്ച് പഠിപ്പിക്കാൻ അപ്പസ്തോലൻമാർ ആവശ്യപ്പെട്ടപ്പോഠം "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" (യോഹ. 14:8) എന്നാണ് മറുപടി നൽകിയത്. അവർ യേശുവിൽ പിതാവിനെ കണ്ടു. കാരണം പിന്നീട് പറഞ്ഞു ദൈവത്തിന്റെ നാമം അവർക്ക് വെളിപ്പെടുത്തി എന്ന് (യോഹ. 17:6, 26). അപ്പസ്തോലൻമാർ വിശ്വസ്തതാപൂർവ്വം പിൻചെന്നത് ക്രിസ്തു ദൈവത്തിന്റെ വെളിപ്പെടലാണെന്ന മഹത്വപൂർണമായ സത്യമാണ്; എന്റെ കർത്താവേ, എന്റെ ദൈവമെ എന്ന് കരയാൻ തോമസിന്റെ മേൽ മിന്നിയ പ്രകാശവും ഇതുതന്നെയാണ്. ദൈവനാമത്തിലെ രണ്ടാമത്തെ ആളാണ് യേശു എന്ന് അവൻ ധരിച്ചിരുന്നുവോ? ഇല്ല. ദൈവത്തിന്റെ വെളിപ്പെടൽ ആരിലെല്ലാം ഉണ്ടായോ, ദൈവത്തിന്റെ പ്രതിനിധി ആരോ അവരെയെല്ലാം 'ദൈവം' എന്നാണ് സംബോധന ചെയ്തിരുന്നത്. ഇത് കുഴഞ്ഞുമറിഞ്ഞ ആശയംപോലെ തോന്നാമെങ്കിലും വേദപുസ്തകത്തിലെ ഒരു ഭാഷാപ്രയോഗരീതിയാണിത്.

ഉദാഹരണമായി, ഉടമസ്ഥനുവേണ്ടി കച്ചവടം നടത്താൻ പോകുന്ന ഒരു ഏജൻറിന് ഉടമസ്ഥൻ മുഴുവൻ അധികാരപ്പെടുത്തിയിട്ടുണ്ട്. ഉടമസ്ഥനെയാണ് അയാഠം പ്രതിനിധീകരിക്കുക. അതിനാൽ ഉടമസ്ഥന്റെ പേരിലായിരിക്കും എല്ലാ ഇടപാടുകളും നടത്തുക.

ഇതുപോലെത്തന്നെയാണ് ദൈവത്തിന്റെ പ്രതിനിധികളും ചെയ്യുന്നത്; ക്രിസ്തു നീ തന്നെയോ എന്ന ചോദ്യത്തിന് യേശു യഹൂദൻമാരോട് പറഞ്ഞത് എന്റെ പ്രവർത്തികഠം എനിക്ക് സാക്ഷ്യം നല്കുന്നു എന്നാണ്. വീണ്ടും പലപ്പോഴും തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള വാക്യം "ഞാനും പിതാവും ഒന്നാണ്" എന്ന് യേശു പറഞ്ഞു (വാക്യം 30). യഹൂദൻമാരും ത്രിത്വവാദികളും യേശുവിനെ തെറ്റിദ്ധരിച്ചു. 'ദൈവത്തോട് അവനെ തുല്യനാക്കി' എന്ന് യഹൂദർ കുറ്റപ്പെടുത്തി. അവ

ന്റെ പ്രവർത്തികളെല്ലാം ദൈവത്തിന്റെ വെളിപ്പെടലാണ് എന്ന സത്യം അവർ മനസ്സിലാക്കിയില്ല (1 തിമോ. 3:16). 'അവൻ മനുഷ്യനായിരിക്കെത്തന്നെ തന്നെ ദൈവമാക്കി' എന്നു പറഞ്ഞു അവനെ ദൈവദുഷകനാക്കി. ഇതിന് ഉത്തരമായി യേശു പറയുന്ന വാക്കുകൾ ശ്രദ്ധേയമാണ്. അവൻ ദൈവമല്ല, ദൈവത്തോട് സമനല്ല എന്ന് വ്യക്തമാക്കുന്നു. 'നിങ്ങളുടെ നിയമത്തിൽ എഴുതപ്പെട്ടിട്ടുള്ളത് വായിച്ചിട്ടില്ലേ. ദൈവവചനം കൊണ്ടുവരുന്നവരെ ദേവൻമാർ എന്ന് വിളിച്ചുവെങ്കിൽ പിതാവ് വിശുദ്ധീകരിച്ച് ലോകത്തിലേക്കയച്ചവനെ ദൈവപുത്രൻ എന്ന് പറഞ്ഞത് ദൈവദൂഷണമാണെന്ന് പറയുന്നതെങ്ങിനെ. നിങ്ങൾ എന്നെ കുറ്റപ്പെടുത്തുന്നുവോ?' (യോഹ. 10:34). യേശുവിന്റെ ഈ വിവരണങ്ങളിൽനിന്നും വ്യക്തമാകുന്നത് 'ദൈവം' എന്ന പേര് അവന് നല്കുമ്പോൾ, ത്രിത്വത്തിലെ ദൈവത്തിന് സമനായ രണ്ടാമത്തെ ആളാണ് എന്ന അർത്ഥത്തിലല്ല, മറിച്ച്, ദൈവവചനം കൊണ്ടുവന്നവൻ എന്നാണ് മനസ്സിലാക്കേണ്ടത്. ആരാണ് അവർ? യഹൂദൻമാരിലെ പുരോഹിതർ. ദൈവത്തിനുവേണ്ടി ന്യായം നടത്തുന്നവർ (2 ദിനവൃത്തം. 19:6). "അധികാരത്തിൽ അവർ ദേവൻമാരാണ്. പുരോഹിതന്റെ മുമ്പിൽ നില്ക്കുന്നത് ദൈവത്തിന്റെ മുമ്പിൽ നില്ക്കുന്നതുപോലെയാണ് (ആവർത്ത. 19:17). വേദപുസ്തകത്തിൽ ദൈവം എന്നതിന് പകരമായിട്ടുള്ള 'എലോഹിം' എന്ന ഹീബ്രു വാക്കാണ് 'മാലാഖമാർ' (സങ്കീ. 8:5) ന്യായാധിപൻമാർ (പുറ. 21:6, 22:8-9) എന്നിവർക്ക് വേദപുസ്തകത്തിൽ 'ദൈവം' എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു. അവരെ ന്യായാധിപരുടെ പക്കലേക്ക് കൊണ്ടുവന്നു എന്നതിന് പകരം ദൈവത്തിന്റെ അടുക്കലേക്ക് കൊണ്ടുവന്നു. വാസ്തവത്തിൽ കുറ്റക്കാരെ ന്യായാധിപന്മാരുടെ മുമ്പിലേക്ക് ആനയിക്കുന്നു; ഇസ്രായേലിൽ ന്യായാധിപന്മാർ ദൈവത്തിന് പകരമായിട്ട് നടത്തുന്നു. അവർ ദൈവത്തിന്റെ പ്രതിനിധികളാണ്. സങ്കീ. 82:6 ഉദ്ധരിച്ച് യേശു പറയുകയാണ്, നിങ്ങൾ ദൈവങ്ങളാകുന്നു; നിങ്ങൾ അത്യുന്നതന്റെ പുത്രന്മാരാണ് എന്നാൽ മനുഷ്യരെപ്പോലെ മരിക്കും." 'ദൈവം' എന്ന വാക്ക് മനുഷ്യർക്ക് പകരമായി ചിലപ്പോൾ

ഉപയോഗിക്കുന്നുണ്ട്. അവർക്ക് ദൈവിക അധികാരം നല്കപ്പെടു മ്പോൾ (സഖറിയാസ് 12:8, പുറപ്പാട് 7:1). മോശെയെ ഫറവോക്ക് ദൈവമാക്കിവെച്ചു. ഇവിടെ മോശ ഫറവോയ്ക്ക് ദൈവത്തിൻെറ പ്രതിനിധിയാണ്. അതുപോലെ യേശുവിന് 'ദൈവം' എന്ന വാക്ക് ഉപയോഗിച്ചിട്ടുള്ളതും ഈ അർത്ഥത്തിലാണ്. ത്രിത്വത്തിൻെറ ഭാഗം എന്ന നിലയ്ക്കല്ല. ഇസ്രായേലിലെ പുരോഹിതർക്കും, ഭരണാധി കാരികൾക്കും ഒരിക്കൽ നല്കപ്പെട്ട പേരാണിത്. ഈ വാക്ക് ('ദൈവം') മാലാഖമാർക്കും പലപ്പോഴും ഉപയോഗിച്ചിട്ടുണ്ട്. കാരണം അവരും ദൈവത്തിൻെറ പ്രതിനിധികളാണ്. ദൈവം മോശയോട് പറഞ്ഞു, 'ഇതാ, വഴിയിൽ നിന്നെ കാക്കേണ്ടതിനും, ഞാൻ നിയമിച്ച സ്ഥലത്തേക്ക് നിന്നെ കൊണ്ടുപോകുന്നതിനും ഞാൻ ഒരു ദൂതനെ നിൻെറ മുമ്പിൽ അയയ്ക്കുന്നു. നീ അവനെ ശ്രദ്ധിച്ച്, അവൻെറ വാക്ക് കേൾക്കണം; അവനോട് വികടിക്കരുത്; എൻെറ നാമം അവ നിലുള്ളതു നിമിത്തം നിൻെറ അതിക്രമങ്ങൾ അവൻ ക്ഷമിക്കുക യില്ല' (പുറപ്പാട് 23:20-21). ഇവിടെ മാലാഖ ദൈവത്തിൻെറ പ്രതിപു രുഷനാണ് ദൈവമല്ല. അവൻ അയയ്ക്കപ്പെട്ട ദൈവദൂതരിൽ ഒരു വൻ മാത്രമാണ്. രക്ഷ പ്രാപിക്കാനുള്ളവരുടെ ശുശ്രൂഷയ്ക്കയയ്ക്ക പ്പെടുന്ന സേവാത്മാക്കളിൽ ഒരുവൻ ആണ്" (എബ്രാ. 1:14).

## നമുക്കും ദൈവത്തെപ്പോലെയാകാം

ആദമിനും ഹവ്വയ്ക്കും ദേവന്മാരെപ്പോലെയാകാൻ (മാലാഖ മാരെ) ആഗ്രഹം ഉണ്ടായിരുന്നു. രക്ഷയിലേക്കു വരുന്നവരുടെ പ്രത്യാ ശയും ദൈവേഷ്ടത്തിന് വിധേയരായി 'മാലാഖ'മാർക്ക് തുല്യമായ പദവിയിൽ എത്തിചേരുക എന്നാണ് (ലൂക്ക. 20:36). റോമർ 8:17-ൽ പൗലോസ് പഠിപ്പിക്കുന്നത് "നമ്മൾ ദൈവത്തിൻെറ മക്കൾ ആകുന്നു. ദൈവത്തിൻെറ അവകാശികളും ക്രിസ്തുവിൻെറ കൂട്ടവകാശികളും തന്നെ. നാം അവനോടുകൂടെ തേജസ്ക്കരിക്കപ്പെടേണ്ടതിന് അവ നോടുകൂടെ കഷ്ടത അനുഭവിക്കണം."

## രക്ഷിക്കപ്പെടുന്നവർക്കായി ഉപയോഗിച്ചിരിക്കുന്ന താഴെ പറയുന്ന വേദഭാഗങ്ങൾ പരിശോധിക്കുക

"ദൈവമഹത്വത്തിൽ പങ്കുചേരാമെന്നു പ്രത്യാശയിൽ നമുക്ക് അഭിമാനിക്കാം." (റോമ. 5:2)

"ദുരാശമൂലം ലോകത്തിലുണ്ടാകുന്ന വിനാശത്തിൽനിന്ന് രക്ഷപ്പെട്ട് ദൈവിക സ്വഭാവത്തിൽ നിങ്ങൾ പങ്കുകാരാകുന്നതിന്, തൻെറ മഹത്വവും ഔന്നത്യവും വഴി അവിടുന്ന് നിങ്ങൾക്ക് അമൂല്യവും ശ്രേഷ്ഠവുമായ വാഗ്ദാനങ്ങൾ നല്കിയിരിക്കുന്നു." (1 പത്രോ. 1:4)

"തൻെറ നാമത്തിനുവേണ്ടി വിജാതീയരിൽനിന്നും ഒരു ജനത്തെ തിരഞ്ഞെടുക്കുവാൻ ദൈവം ആദ്യം അവരെ സന്ദർശിച്ചു..." (അപ്പ. പ്ര. 15:14)

"അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങിനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി പ്രാർത്ഥിക്കുന്നു." (യോഹ. 19:21)

ഈ പ്രസ്താവനകൾ സാക്ഷീകരിക്കുന്നത്, വിശ്വാസികളുടെ മുൻപിൽ ഒരു വലിയ പ്രത്യാശ വെച്ചിട്ടുണ്ട്; 'അവർ ദൈവത്തിൻെറ മഹത്വം', 'ദിവ്യപ്രകൃതി', 'ദൈവത്തിൻെറ നാമം', 'അവനുമായി പൂർണ്ണ ഐക്യം' പ്രാപിക്കും എന്നാണ്. കർത്താവായ യേശു ഇവയെല്ലാം സ്വീകരിക്കുകയും അപ്രകാരം ദൈവനാമം അവൻെറ മേൽ ഉണ്ടായിരിക്കുകയും ചെയ്തു, യഥാർത്ഥ വിശ്വാസികൾ ദൈവത്തിൻെറ മക്കളും, അവകാശികളും ക്രിസ്തുവിൻെറ കൂട്ടവകാശികളും ആയിത്തീരും." (റോമ. 8:17) ദൈവത്തിൻെറ നാമം സ്വീകരിക്കുക വഴി, ഒരുവൻ ദൈവത്തിനു സമനോ, ദൈവമോ ആയിത്തീരുന്നില്ല. 'ത്രിത്വ' ആശയത്തിലെപ്പോലെ ഒരു ദൈവത്തിൻെറ ഭാഗവും ആകുന്നില്ല. അങ്ങിനെയാണെങ്കിൽ മഹത്വകരമായ പ്രത്യാശ സ്വീക

രിക്കുന്നവർ (രക്ഷിക്കപ്പെട്ടവർ) എല്ലാം ഇതുപോലെ ആയിത്തീരേണ്ടതാണ്. ചുരുക്കത്തിൽ ബൈബിൾ ചൂണ്ടി കാണിക്കുന്ന ആ പ്രത്യാശയാണ് യേശുക്രിസ്തു ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത് - മഹത്വപൂർണമായ, ദിവ്യമായ, അമർത്യമായ, രക്ഷിക്കപ്പെടുന്നവർക്ക് ആകാൻ കഴിയുന്ന അവസ്ഥയിലാണ്. നല്ലിടയനെപ്പോലെ അവൻ ആയിത്തീർന്നു മരണത്തിന്റെ താഴ്വരയിൽ കൂടെ കടന്ന് അതിനപ്പുറത്തേയ്ക്ക് അവനെ അനുഗമിക്കാൻ തന്റെ ആടുകളെ വിളിക്കുന്നു. (യോഹ. 10). 'അവൻ ദൈവത്തിന്റെ ദാസനാണ്' (അപ്പ. പ്ര. 3:13). "നിങ്ങൾ മരത്തിൽ തൂക്കിക്കൊന്ന യേശുവിനെ നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉയിർപ്പിച്ചു. ഇസ്രായേലിന് അനുതാപവും പാപമോചനവും, നല്കാൻ ദൈവം അവനെ കർത്താവും നാഥനും രക്ഷകനുമായി തന്റെ വലതുഭാഗത്തേക്കുയർത്തി" (അപ്പ. പ്ര. 5:30-31).

യേശുക്രിസ്തു യഥാർത്ഥത്തിൽ ദൈവമായിരുന്നുവെങ്കിൽ അവനെ രക്ഷകനും കർത്താവുമായി ഉയർത്തേണ്ടിവരുമായിരുന്നോ? തീർച്ചയായും ഇല്ല. യഥാർത്ഥത്തിൽ പത്രോസ് പഠിപ്പിക്കുന്നപോലെ യേശുവിനെ ആ അവസ്ഥയിലേക്ക് ഉയർത്തി എന്നത് കാണിക്കുക, മുൻപ് അവൻ താഴ്ന്ന അവസ്ഥയിലായിരുന്നു എന്നാണ്.

## ദൈവത്തിന്റെ ശക്തി - പരിശുദ്ധാത്മാവ്

പരിശുദ്ധാത്മാവ് എന്നത് ദൈവത്തിന്റെ ശക്തി അഥവാ ഊർജ്ജം ആണ്; അതുവഴി എല്ലാ വസ്തുക്കളും ജീവികളും ഉണ്ടായി; അതുവഴി എല്ലാം നിലനില്ക്കുന്നു. അതേസമയം ദൈവം സ്വർഗത്തിൽ വസിക്കുന്നു. അവന്റെ അരൂപി സൃഷ്ടി മുഴുവൻ വ്യാപിച്ചിരിക്കുന്നു (സങ്കീ. 139: 7-12). ദൈവത്തിന്റെ മാത്രം ഈ ശക്തി എല്ലാ സൃഷ്ടികളിലേക്കു ഇറങ്ങി വ്യാപിച്ചിരിക്കുന്നു (അപ്പ. പ്ര. 18:25). ഇതു സംബന്ധിച്ചു ശാസ്ത്രം വേദപുസ്തകത്തെ അംഗീകരിക്കുന്നു; ഊർജ്ജമാണ് എല്ലാത്തിന്റേയും അടിസ്ഥാനഘടകം എന്ന് ശാസ്ത്രം പഠിപ്പിക്കുന്നു. യോഹ. 16:7-8 വാക്യങ്ങളിൽ കാണുന്നപോലെ അരൂപിയെ വ്യക്തീകരിച്ച് വേദപുസ്തകത്തിൽ ഉപയോഗി

ച്ചിട്ടുണ്ട്. ഇങ്ങിനെയുള്ള ഭാഷാപ്രയോഗം വഴി അനേകരെ അത് ഒരു വ്യക്തിയാണെന്ന് വിശ്വസിക്കാൻ പ്രേരിപ്പിച്ചു. ഗ്രീക്ക് ഭാഷയിലെ പദപ്രയോഗത്തെപ്പറ്റി അജ്ഞരായതിനാലാണ് അങ്ങിനെ മനസ്സിലായത്. അതിൽ സ്ത്രീലിംഗം പുലിംഗം എന്നിവ മാത്രമെ ഉള്ളൂ; നപുംസകലിംഗം വന്നാൽ ഏതു വാക്കിൻ വിശേഷണമായി വരുന്നുവോ അതിൻെറ ലിംഗം ഉപയോഗിക്കുന്നു. ഉദാഹരണമായി, ഒരു കസേരയ്ക്ക് - മലയാളത്തിൽ നപുംസകലിംഗം, അതു എന്നു പറയുന്നു. എന്നാൽ ഗ്രീക്കിൽ കസേര അതിൻെറ ഉടമയുടെ ലിംഗം ചേർത്ത് പറയുന്നു. പുരുഷൻെറ കസേരയാണെങ്കിൽ അവൻ എന്നും സ്ത്രീയുടെ കസേരയാണെങ്കിൽ കസേര എന്ന വാക്കിനു പകരം അവൾ എന്നും പറയുന്നു. ഇക്കാരണത്താൽ പരിശുദ്ധാരൂപിയെ ദൈവവുമായി ചേർത്തു പറയുന്നിടത്തെല്ലാം അവൻ എന്നാണ് ഉപയോഗിച്ചിട്ടുള്ളത്. പരിശുദ്ധാരൂപി ഒരു വ്യക്തി ആയിരുന്നുവെങ്കിൽ എല്ലാ സ്ഥലത്തും അവൻ എന്ന വാക്ക് ഉപയോഗിക്കുമായിരുന്നു. ചില ഭാഗത്തും നപുംസകലിംഗ മായി ഉപയോഗിച്ചിരിക്കുന്നു. റോമ. 8:16-ൽ "നാം ദൈവത്തിൻെറ മക്കളാണെന്ന് ഈ ആത്മാവ് നമ്മുടെ ആത്മാവിനോട് ചേർന്ന് സാക്ഷ്യം നല്കും."

വേദപുസ്തകത്തിൽ ജന്തുജന്യമല്ലാത്തവയെ വ്യക്തിഗതമായി ഉപയോഗിച്ചിട്ടുള്ള ധാരാളം സ്ഥലങ്ങൾ ഉണ്ട്. വിജ്ഞാനത്തെ സ്ത്രീയായും (സദൃശ്യവാക്യം 9:1), ധനത്തെ ഒരു സ്നേഹിതനായിട്ടാണ് കാണിക്കുന്നത് (ലൂക്ക. 16:9), പാപത്തെ അടിമയുടെ യജമാനനായി എഴുതിയിട്ടുണ്ട് (റോമ. 6:16), പരിശുദ്ധാത്മാവിനെ ആശ്വാസപ്രദൻ (യോഹ. 16:21). "സത്യത്തിൻെറ അരൂപി"യെയാണ് ഇത് വിവരിക്കുക. മിഖ പ്രവാചകൻ പ്രഖ്യാപിച്ചു, "കർത്താവിൻെറ അരൂപിയാൽ ഞാൻ ശക്തി നിറഞ്ഞവനാണ്" (മിഖ. 3:8). പ്രവാചകർ അരൂപിയാൽ പ്രചോദിതരായി വേദപുസ്തകം എഴുതി (നെഹ. 9:20; 2 പത്രോസ് 1:21). ദൈവം തൻെറ പുത്രനിൽ സംസാരിക്കാൻ അതേ ഉപകരണത്തെ ഉപയോഗിച്ചു (എബ്രാ. 1:1).

വേദപുസ്തകത്തിൽ ഒരു സ്ഥലത്തും പരിശുദ്ധാത്മാവിനെ 'ത്രിത്വ'ത്തിലെ മൂന്നാമത്തെ വ്യക്തിയായി ചിത്രീകരിക്കുന്നില്ല. സഭകളിലെ 'ത്രിത്വ'പഠനം ആദിമ വിശ്വാസികളിൽ ഉണ്ടായിരുന്നില്ല എന്ന് വ്യക്തമാണ്. ഇത് സംശയാതീതമായി അപ്പ. പ്ര. 19:2 ൽ തെളിഞ്ഞിട്ടുണ്ട്. പൗലോസ് എഫേസോസിലെ ചില ശിഷ്യരെ കണ്ടുമുട്ടിയപ്പോൾ അവരോട് ചോദിച്ചു. നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിച്ചുവോ? ഞങ്ങൾ അങ്ങിനെ പരിശുദ്ധാത്മാവുണ്ട് എന്നുപോലും കേട്ടിട്ടില്ല എന്നു പറഞ്ഞു. അവർ 'ത്രിത്വം' എന്ന പഠനം കേട്ടിട്ടില്ല എന്ന് വ്യക്തമാണ്. വേദപുസ്തകത്തിൽ തെറ്റ് എത്രമാത്രം അവ്യക്തവും സത്യം എത്ര മാത്രം വ്യക്തവുമാണ്.

യഥാർത്ഥ ദൈവത്തെക്കുറിച്ചുള്ള വേദപുസ്തകകേന്ദ്രമായ പഠനം ഇവിടെ നിറുത്തുകയാണ്. സത്യം വ്യക്തമായി മനസ്സിലാക്കാൻ നിങ്ങളുടെ ഹൃദയങ്ങളെ ദൈവം തുറക്കട്ടെ.

കേരള പ്രീച്ചിംഗ് കമ്മറ്റി (I.P.C. Kerala)
സൗജന്യ ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്


| ANGAMALY | OLLUR | THIRUVALLA |
|---|---|---|
| The Christadelphians<br>P. B. No. 71<br>Angamaly<br>683 572 | The Christadelphians<br>P. O. Ollur<br>Pin-680 306<br>Thrissur | The Christadelphians<br>P. B. No. 43<br>Thiruvalla<br>689 101 |


Ebenezer, Thrissur-12. Ph: 360992, 361892

# ക്രിസ്തുവിൽ സഹോദരന്മാർ (Christadelphians) വിശ്വസിക്കുന്നത്

1. ദൈവവചനമായ ബൈബിളിൽനിന്നു മാത്രമേ ദൈവത്തിൽ നിന്നുള്ള യഥാർത്ഥ സന്ദേശം നമുക്ക് ലഭിക്കുന്നുള്ളു.
2. ദൈവം ഏകനാണ്, ത്രിയേകനല്ല. അവൻ സർവ്വശക്തനാണ്.
3. പരിശുദ്ധാത്മാവ് ദൈവത്തിന്റെ ശക്തിയാണ്. വ്യക്തിയല്ല.
4. യേശുക്രിസ്തു ദൈവത്തിന്റെ പുത്രനാണ്. കന്യകയിൽ ജനിച്ചതിനാൽ മനുഷ്യപുത്രനുമാണ്.
5. പാപസ്വഭാവങ്ങളാൽ ക്രിസ്തു പരീക്ഷിക്കപ്പെട്ടു എന്നാൽ പാപം ചെയ്തില്ല. പാപത്തെ ജയിച്ചതുകൊണ്ട് ദൈവം അവനെ ഉയിർത്തെഴുന്നേല്പിച്ചു നിത്യജീവൻ നല്കി. അങ്ങനെ നമുക്കും നിത്യ ജീവൻ ലഭിക്കാനുള്ള പാത ഒരുക്കിത്തന്നു.
6. മരിച്ച് ഉയിർത്ത് സ്വർഗ്ഗാരോഹണം ചെയ്ത യേശു രണ്ടാമതും വരും. അപ്പോൾ സുവിശേഷം കേട്ടു മരിച്ച എല്ലാവരെയും ഉയിർപ്പിച്ച് വിശ്വസ്തർക്ക് നിത്യജീവൻ നല്കും.
7. ദൈവരാജ്യം ക്രിസ്തു ഭൂമിയിൽ പുനഃസ്ഥാപിക്കും. ആ രാജ്യം ഭൂമിയിൽ വ്യാപിക്കും.
8. അമർത്യത പ്രാപിക്കുന്ന വിശ്വാസികൾ ക്രിസ്തുവിനെ ഭരണത്തിൽ സഹായിക്കും. ലോകം മുഴുവൻ സമാധാനവും സന്തോഷവും വ്യാപിക്കും.
9. പിശാച് എന്നത് ഒരു അമാനുഷിക ശക്തിയുള്ള വ്യക്തിയല്ല. മനുഷ്യന് എതിരായി നിൽക്കുന്ന മനുഷ്യനിലെ പാപസ്വഭാവത്തെ സൂചിപ്പിക്കുന്ന ഒരു പദം മാത്രമാണ്.
10. മനുഷ്യൻ മരിക്കുമ്പോൾ അവനിലുള്ള എല്ലാ ഘടകങ്ങളും പൂർണ്ണമായും നശിക്കുന്നു. യാതൊന്നും തുടർന്ന് ജീവിക്കുന്നില്ല. പൊടിയിലേക്ക് ചേരുന്നു. ക്രിസ്തു വരുമ്പോൾ നിത്യജീവൻ ലഭിക്കും എന്നുള്ളതാണ് വിശ്വാസികളുടെ പ്രത്യാശ.
11. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ മദ്ധ്യസ്ഥൻ ക്രിസ്തു മാത്രമേയുള്ളൂ. ബാക്കി ആരും ഉയിർത്ത് നിത്യജീവൻ പ്രാപിച്ച് മദ്ധ്യസ്ഥത യാചിക്കുന്നില്ല.
12. തിരുവെഴുത്തിലെ സത്യങ്ങൾ മാത്രം വിശ്വസിക്കുക. ആ വിശ്വാസത്തിൽ സ്നാനപ്പെടുക. അതാണ് രക്ഷയിലേക്കുള്ള ആദ്യപടി.
13. 1 തിമൊ. 2:5 ഉം 6 ഉം പൂർണ്ണമായി അംഗീകരിക്കുക. ആ ഭാഗത്ത് 3 വചനസത്യങ്ങൾ ഉണ്ട്. 1. ദൈവം ഏകനാണ്. 2. ക്രിസ്തു മാത്രമേ മദ്ധ്യസ്ഥനായി ഉള്ളു. 3. ക്രിസ്തു മനുഷ്യനാണ്. ഇതു മൂന്നും വിശ്വസിക്കുന്ന ഏതെങ്കിലും ഒരു ക്രിസ്തീയ വിഭാഗത്തിന്റെ പേരു പറയാമോ? മഹതിയാം ബാബിലോൺ വിശ്വാസികൾ ഇതു മൂന്നും വിശ്വസിക്കുന്നില്ല. അവളുടെ ഓഹരിക്കാരും വിശ്വസിക്കുകയില്ല. ക്രിസ്റ്റാഡൽഫിയൻസ് ഈ മൂന്നു സത്യങ്ങളും പൂർണ്ണമായി വിശ്വസിക്കുന്നു.

## മേല്പറഞ്ഞ വചനസത്യങ്ങൾക്ക് ആധാരമായ വേദഭാഗങ്ങൾ

2 തിമൊ. 3:16; 2 പത്രോ. 1:21; 1 തിമൊ. 2:5; ആവ. 6:4; ലൂക്കോ. 1:35; അ.പ്ര. 10:38; മത്താ. 3:17; ഗലാ. 4:4 ; എബ്രാ. 2:14; റോമർ 8:3; അ.പ്ര. 1:3,9; യോഹ. 5:29; ദാനി 12:1, 2; ലൂക്കോ. 1:30-33; യെശയ്യ. 9: 6-7; ലൂക്കോ. 22:29, 30; യെശയ്യ 32:17; യാക്കോ. 1:14-15; റോമ. 4:13.21-25; എബ്രാ. 11:6; സങ്കീ 146:4; സഭാപ്ര. 9:5-6; അ. പ്ര. 8:12; 2:38; മർക്കോ. 16:16; റോമർ 6·4.

# ക്രിസ്തുവിൽ സഹോദരങ്ങൾ (ക്രിസ്റ്റാഡൽഫിയൻസ്) ആരാണ്?

എബ്രായർ 2:11 ൽ കാണുന്നപോലെ ഞങ്ങൾ സഹോദരങ്ങളെന്ന് വിളിക്കപ്പെടാൻ ആഗ്രഹിക്കുന്നു. ദൈവരാജ്യത്തിലും ക്രിസ്തുവിലും വിശ്വസിക്കുന്നവരായ ഞങ്ങൾ (പ്രവൃ. 8:3) വിശ്വാസ സ്നാനത്തിലൂടെ (ഗലാ. 3:27) ഒരു പുതിയ ജീവിതം ആരംഭിച്ചവരും പുനരുത്ഥാനത്തോടുകൂടി നിത്യജീവൻ ലഭിക്കുമെന്ന് പ്രത്യാശിക്കുന്നവരും ആകുന്നു (റോമ. 6:5).

ഒരു പ്രത്യേക വെളിപ്പാടോ വരമോ ലഭിച്ചതായി ഞങ്ങൾ അവകാശപ്പെടുന്നില്ല. എന്നാൽ തിരുവചനം പൂർണ്ണമായും രക്ഷയിലേക്ക് നയിക്കുന്ന ദൈവശക്തിയാകയാൽ (2 തിമൊ. 3:14) വചനം മാത്രമേ നമ്മെ രക്ഷയിലേക്ക് നയിക്കൂ എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ക്രിസ്തുയേശു ഈ ഭൂമിയിൽ വന്ന് ദൈവരാജ്യം സ്ഥാപിക്കുമെന്നുള്ള സത്യം മറ്റുള്ളവരുമായി പങ്കിടാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ബൈബിൾ സത്യങ്ങൾ ഉൾക്കൊള്ളുന്ന 11 പാഠങ്ങൾ ഉള്ള ഒരു സൗജന്യതപാൽ ബൈബിൾ പഠന പദ്ധതിയും മറ്റു പ്രസിദ്ധീകരണങ്ങളും താൽപര്യമുള്ളവർ ആവശ്യപ്പെട്ടാൽ സൗജന്യമായി അയച്ചുതരുന്നതാണ്.


ക്രിസ്റ്റാഡൽഫിയൻസ്
പി. ബി. നമ്പർ - 71
അങ്കമാലി
കേരള - 683 572

ക്രിസ്റ്റാഡൽഫിയൻസ്
പി. ബി. നമ്പർ - 43
തിരുവല്ല-689 101
കേരളം

ക്രിസ്റ്റാഡൽഫിയൻസ്
ഒല്ലൂർ, തൃശ്ശൂർ
കേരളം - 680 306